നമ്പർ ഡി5/6000/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി03/04/2017

## സർക്കുലർ നമ്പർ -4

വിഷയം-പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം - പൊതുവിദ്യഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകൻ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിലേക്ക് 2017-18 അദ്ധ്യയന വർഷത്തേയ്ക്കുള്ള പൊതുസ്ഥലം മാറ്റം-സംബന്ധിച്ച്

സൂചന- 1) 20.02.2017 ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലറുകൾ
2) ഈ ഓഫീസിലെ 28.03.2017 ലെ ഇതേ നമ്പർ സർക്കുലർ

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി നോക്കുന്നവരിൽ നിന്നും 2017-18 വർഷത്തേക്കുള്ള പൊതുസ്ഥലംമാറ്റത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന (1) (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഓരോ ജില്ലകളിലേയും ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിലെ 31.03.2017, 30.04.2017, 31.05.2017, 30.06.2017 എന്നീ തീയതികളിൽ ഉണ്ടാകുന്ന ഒഴിവുകൾ 06.04.2017 വൈകുന്നേരം 5 മണിക്ക് മുൻപായി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. **തമിഴ് മീഡിയം, കന്നട മീഡിയം, ന്യൂനപക്ഷ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ വേക്കൻസി കൂടി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.**വേക്കൻസി റിപ്പോർട്ട് മാനുവൽ ആയും ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. വേക്കൻസികൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുമ്പോൾ കൃത്യതയും വ്യക്തതയും ഉറപ്പാക്കേണ്ടത്. പഞ്ചായത്ത് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതില്ലായെന്നറിയിക്കുന്നു. എച്ച്.എം/എഇഒ ഒഴിവുകൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം താങ്കൾക്ക് മാത്ര മാണെന്ന് ഓർമ്മപ്പെടുത്തുന്നു. വേണ്ടത്ര പരിശോധന ഇല്ലാതെ വേക്കൻസികൾ അപ്ലോഡ് ചെയ്യുവാൻ പാടില്ല. സൂചന (3) പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം പൊതു സ്ഥലംമാറ്റം സമയബന്ധിതമായി നടത്തുന്നതിന് താങ്കൾ അവധാനതയോടെ പ്രവർത്തിക്കേണ്ടതാണ്. **പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകൾ വേക്കൻസി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തതായി കാണുന്നില്ല**. കാലതാമസം വരുത്താതെ സമയപരിധിക്കുള്ളിൽ വേക്കൻസി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുവാൻ നിർദ്ദേശിക്കുന്നു.

E-mail Id:dpidsection@gmail.com

ഫോൺ നമ്പർ:0471 2580512

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

D. SANTHOSH KUMAR
Senior Administrative Officer
Directorate of Public Instruction
Thiruvananthapuram-14

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും